# "ഭരണഭാഷ മാതൃഭാഷ"

K2/22285/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 03.09.2020

## പരിപത്രം

വിഷയം:- 2020-21 അധ്യയന വർഷത്തെ ഓൺലൈൻ പ്രവേശനവുമായി ബന്ധപ്പെട്ട് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന :- വിവിധ കോളേജുകളിൽ നിന്ന് ഓൺലൈൻ പ്രവേശനം നടത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ.

*********

2020-21 അധ്യയന വർഷത്തെ ഓൺലൈൻ പ്രവേശനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. യൂണിവേഴ്സിറ്റികൾ കോളേജുകൾക്ക് ലഭ്യമാക്കുന്ന റാങ്ക് ലിസ്റ്റിലെ കുട്ടികളെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഓൺലൈൻ പോർട്ടലിൽ അതാതു കോളേജുകൾ അപ്ലോഡ് ചെയ്യുക . അപ്ലോഡ് ചെയ്യുന്ന രീതിയും,അപ്ലോഡ് ചെയ്യേണ്ട ഫയൽ ഫോർമാറ്റും സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കോളേജുകൾ വിദ്യാർത്ഥികളുടെ കോഴ്സും,സബ്ജക്ടും അവർ ഒടുക്കേണ്ടുന്നതായ ഫീസും പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രോസസ്സ് ഇപ്പോൾ നിലവിലുള്ള വിദ്യാർത്ഥികളുടെ ഫീസ് സ്വീകരിക്കുന്ന അതേ രീതി തന്നെ ആണ്.
2. അപ്ലോഡ് ചെയ്തുകഴിഞ്ഞാൽ പ്രത്യേക ഓപ്ഷൻ ക്ലിക്ക് ചെയ്ത് ഓൺലൈൻ പോർട്ടലിലൂടെ തന്നെ കുട്ടികളെ ആ കോളേജിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കാര്യവും ,പേയ്മെന്റ് പോർട്ടലിൽന്റെ ലിങ്കും ,കുട്ടികൾ യൂണിവേഴ്സിറ്റിയിൽ അഡ്മിഷനായി അപേക്ഷിച്ചപ്പോൾ രേഖപെടുത്തിയിരുന്ന മൊബൈൽ നമ്പറിലേക്ക് SMS ആയി ലഭിക്കും.
3. യൂണിവേഴ്സിറ്റികൾ പറയുന്ന സമയ ക്രമീകരണം നടത്താൻ ഓരോ കോളേജുകൾക്കും അവരവരുടെ പോർട്ടലിൽ ഓപ്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.
4. ഏതെങ്കിലും കുട്ടികൾക്ക് സമയം കൂടുതലായി അനുവദിക്കാനോ അല്ലെങ്കിൽ ഓപ്ഷൻ അനുസരിച്ച റിപ്പോർട്ട് ചെയ്യിക്കാനോ പോർട്ടലിൽ കോളേജുകൾക്ക് കഴിയുന്നതാണ്.
5. ഇങ്ങനെ വിദ്യാർത്ഥികൾക്ക് ലഭ്യമായ ലിങ്കിൽ ക്ലിക്ക് ചെയുമ്പോൾ ആർട്സ് ആൻഡ് സയൻസ് കോളേജ്, മ്യൂസിക് കോളേജ്, ട്രെയിനിങ് കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് ഇവയിൽ ഏതാണ് എന്ന് വിദ്യാർത്ഥി സെലക്ട് ചെയ്യണം. അതിനു ശേഷം സ്റ്റേറ്റ്, ജില്ല എന്നിവ സെലക്ട് ചെയ്യണം. അപ്പോൾ ആ ജില്ലയിലുള്ള കോളേജുകൾ ഓട്ടോമാറ്റിക് ആയി വരുന്നതാണ്. അതിൽ വിദ്യാർത്ഥി റാങ്ക് ലിസ്റ്റിലുള്ള കോളേജ് സെലക്ട് ചെയ്ത്, കോഴ്സ് സെലക്ട് ചെയ്ത് ,സബ്ജക്ട് സെലക്ട് ചെയ്ത് കഴിയുമ്പോൾ വിദ്യാർത്ഥിയുടെ അപ്ലിക്കേഷൻ നമ്പർ രേഖപ്പെടുത്താനുള്ള ഫീൽഡ് കാണാവുന്നതാണ് ,ഇതിൽ നമ്പർ രേഖപ്പെടുത്തേണ്ടതും രേഖപ്പെടുത്തുമ്പോൾ തന്നെ ഓട്ടോമാറ്റിക് ആയി വിദ്യാർത്ഥിയ്ക്ക് പേര് കാണാനും കഴിയും. ഈ പേരിൽ എന്തെങ്കിലും മാറ്റമോ, പേര് തെളിയാതെയോ വരികയാണെങ്കിൽ വിദ്യാർത്ഥി കോളേജുമായി ബന്ധപ്പെടേണ്ടതാണ്. (ഈ മെസ്സേജ് പോർട്ടലിൽ തന്നെ വരുന്നതാണ്) പേര് ശരിയാണെങ്കിൽ വിദ്യാർത്ഥിയുടെ മൊബൈൽ നമ്പർ രേഖപ്പെടുത്തേണ്ടതാണ്. ആയത് വിദ്യാർത്ഥി അപ്ലിക്കേഷനിൽ രേഖപ്പെടുത്തിയ നമ്പർ തന്നെ ആണെങ്കിൽ വിദ്യാർത്ഥിക്ക് OTP ലഭ്യമാകും. ആ OTP രേഖപ്പെടുത്തി കഴിഞ്ഞാൽ വിദ്യാർത്ഥി ഒടുക്കേണ്ടുന്ന വിവിധ തുകകളും, ആകെ തുകയും കാണാൻ കഴിയും. അതോടൊപ്പം ഇ-പേയ്മെന്റ് നടത്താനുള്ള വിൻഡോ തെളിയുകയും തുടർന്ന് വിദ്യാർത്ഥിക്ക് ഇ- ട്രഷറി പേയ്മെന്റ് ഗേറ്റ് വേ മുഖേന വിവിധ രീതിയിൽ പേയ്മെന്റ് നടത്താവുന്നതുമാണ് . വിദ്യാർത്ഥികൾക്ക് പാർട്ട് പേയ്മെന്റ് നടത്താനുള്ള ഓപ്ഷനും ലഭ്യമാക്കിയിട്ടുണ്ട്.

6. അതാതു ഹെഡ് ഓഫ് അക്കൗണ്ടുകളിലേക്ക് പോകേണ്ടുന്ന തുകകളും, PD, TSB തുടങ്ങിയ അക്കൗണ്ടുകളിലേക്ക് പോകേണ്ടുന്ന തുകകളും നേരിട്ട് അതാതു അക്കൗണ്ടുകളിലേക്കാണ് പോകുന്നത്. അത് രേഖപ്പെടുത്താനുള്ള ഓപ്ഷൻസ് കോളേജുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. യൂണിവേഴ്സിറ്റികൾക്ക് പോകേണ്ടുന്ന തുക TSB അക്കൗണ്ടിൽ ഒടുക്കുകയും ആയത് ഉചിതമായ മാർഗേന യൂണിവേഴ്സിറ്റികൾക്ക് ലഭ്യമാക്കാവുന്നതുമാണ്.

7 . ഫീസ് ഒടുക്കി കഴിഞ്ഞാൽ വിദ്യാർത്ഥികൾക്ക് അതിന്റെ രസീത് പ്രിന്റ് ചെയ്യാനോ സേവ് ചെയ്യാനോ കഴിയുന്നതാണ്.

എങ്ങനെ ആണ് ഫീസ് ഒടുക്കേണ്ടുന്നത് എന്നുള്ള വീഡിയോ സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട് .

Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: [illegible]3.[illegible].2020
Reason: Approved

ഒപ്പ്/-
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

# GOVT. SANSKRIT COLLEGE, TRIPUNITHURA

## FEE 2020-21

GENERAL

| | I BA | I MA |
|---|---|---|
| TUTION FEE | 525 | 945 |
| ADM: FEE | 80 | 160 |
| LIBRARY | 105 | 105 |
| CALENDER | 35 | 35 |
| MED: INSPECTION | 10 | 10 |
| STATIONERY | 55 | 55 |
| MAGAZINE | 55 | 55 |
| ASSOCIATION | 55 | 55 |
| ATHLETIC | 105 | 105 |
| SCOUT & GUIDE | 10 | 10 |
| WOMEN STUDY | 10 | 10 |
| S.A.F | 10 | 10 |
| SPORTS AFFILIATION | 105 | 105 |
| AUDIO VISUAL | 30 | 30 |
| CAUTION DEPOSIT | 360 | 600 |
| **TOTAL** | **1550** | **2290** |

| **FOR CAP** | | |
|---|---|---|
| | | |
| STUDENTS AFFILIATION | 580 | 790 |
| WELFARE | 35 | 35 |
| INSURANCE | 28 | 28 |
| UNIVERSITY UNION | 55 | 55 |
| SPORTS AFFILIATION | 210 | 210 |
| MATRICULATION | 265 | 0 |
| **TOTAL** | **1173** | **1118** |

| **SC /ST** | | |
|---|---|---|
| | | |
| INSURANCE | 28 | 28 |
| SCOUT & GUIDE | 10 | 10 |
| **TOTAL** | **38** | **38** |

| **OBC/ KPCR/FC** | | |
|---|---|---|
| CAUTION DEPOSIT | 360 | 600 |
| SCOUT & GUIDE | 10 | 10 |
| **TOTAL** | **370** | **610** |

| OEC | | |
|---|---|---|
| SCOUT & GUIDE | 10 | 10 |
| **TOTAL** | **10** | **10** |

3/9/2020

PRINCIPAL

PRINCIPAL
GOVT. SANSKRIT COLLEGE
TRIPUNITHURA

GOVT. SANSKRIT COLLEGE
TRIPUNITHURA